(ബി) പുനഃസ്ഥാപിച്ചു,

(സി) ഉണ്ട്. സഹകരണ ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യം നിർത്തലാക്കിയിരുന്നപ്പോൾ ഗവൺമെന്റിന്റെ അനുമതി കൂടാതെ 364 സഹകരണ സ്ഥാപനങ്ങൾ ലീവ് സറണ്ടർ ആനുകൂല്യം നൽകിയിട്ടുണ്ട്. ഇവയിൽ 212 എണ്ണം നഷ്ടത്തിൽ പ്രവർത്തിക്കുന്നവയാണ്.

അടയ്ക്കാ കർഷകർക്ക് സഹായം

95 [3609] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടയ്ക്കക്കുണ്ടായ വിലത്തകർച്ചയെത്തുടർന്ന് സഹകരണ സംഘങ്ങൾ വഴി എടുത്ത വായ്പകൾ തിരിച്ചടയ്ക്കാൻ കഴിയാത്ത നൂറിലധികം അടയ്ക്കാ കർഷകർ കാസർഗോഡ് ജില്ലയിൽമാത്രം ആത്മഹത്യ ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാസർഗോഡ് താലൂക്കിൽ മാത്രം 143 കർഷകരുടെ കിടപ്പാടമുൾപ്പെടെയുള്ള കൃഷിസ്ഥലം സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ ജപ്തിചെയ്ത് ലേലംചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അടയ്ക്കാ കർഷകരുടെ ഈ ദയനീയസ്ഥിതി കണക്കിലെടുത്ത് എന്തെല്ലാം നടപടികളാണ് സഹകരണ വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഡി) ജപ്തി നടപടികൾ നിർത്തിവച്ച് കാർഷിക വായ്പയുടെ പലിശയും പിഴപ്പലിശയുംമറ്റും പൂർണ്ണമായും ഇളവ് ചെയ്ത് നാമമാത്ര പലിശചുമത്തി വായ്പാമുതൽ തിരിച്ചടയ്ക്കാനുള്ള കാലാവധി ദീർഘിപ്പിച്ചുനൽകുവാൻ സഹകരണ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ ഈ വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പ്രത്യേക സഹായം ലഭ്യമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഇതിനകം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

GPM. 2/611/2012—17

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പനത്തടി സർവ്വീസ് സഹകരണ ബാങ്കിൽനിന്നും വായ്പ എടുത്ത ശ്രീ. വിജയൻ നായർ ആത്മഹത്യ ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജപ്തി നടപടികൾ നടത്തുന്നതിന് നിയമതടസ്സങ്ങൾ ഒന്നും ഇല്ലാതിരുന്ന സമയത്ത് കാസർഗോഡ് താലൂക്കിൽ 32 കർഷകരുടെ സ്ഥലങ്ങൾ ജപ്തി നടത്തി ലേലം ചെയ്തിട്ടുണ്ട്. എന്നാൽ 29-7-2005 മുതൽ മൂന്നുമാസത്തേക്ക് ജപ്തി നടപടികൾ നിർത്തിവയ്ക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

(സി) സംസ്ഥാനത്ത് വരൾച്ചയും വിലത്തകർച്ചയുംമൂലം ദുരിതം അനുഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിനായി സഹകരണ വകുപ്പ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) കേരള കാർഷിക കടക്കാർ (താൽക്കാലികാശ്വാസ) നിയമത്തിൻ കീഴിൽ 50,000 രൂപ വരെയുള്ള കാർഷികവായ്പകൾക്ക് 29-12-2001 മുതൽ 6 മാസത്തേക്കും 23-1-2004 മുതൽ 1 വർഷത്തേക്കും പലിശയും പിഴപ്പലിശയും സർക്കാർ റീ ഇംബേഴ്സ് ചെയ്തുനൽകുന്നതിനും വായ്പകൾ മാസ ഗഡുക്കളായി തിരിച്ചടയ്ക്കുന്നതിനുള്ള സൗകര്യവും അനുവദിച്ച് ഉത്തരവായിരുന്നു. കൂടാതെ വായ്പാപരിവർത്തനം നടത്തുന്ന കർഷകർക്ക് വായ്പ തിരിച്ചടയ്ക്കുവാനുള്ള കാലാവധി ദീർഘിപ്പിച്ചു ലഭിക്കുന്നതാണ്.

(ഇ) നബാർഡിന്റെ ശ്രദ്ധയിൽപ്പെടുത്തി കൂടുതൽ സഹായം ലഭിക്കുമോയെന്നകാര്യം പരിശോധിക്കുന്നതാണ്.

(എഫ്) വായ്പാ പരിവർത്തനം നടത്തി അന്തിമ കണക്ക് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

ചെറുകിട തുറമുഖങ്ങളെ വികസിപ്പിക്കുവാൻ നടപടി

96 [3610] *ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:*

„ *ജോർജ് ജെ. മാത്യു:*

„ *ടി. എൻ. പ്രതാപൻ:*

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

നടപടിക്രമം

ജില്ലാ കളക്ടറോ അതിന് അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ അപേക്ഷയെക്കുറിച്ച് അന്വേഷണം നടത്തേണ്ടതും തീരുമാനം എടുക്കേണ്ടതുമാണ്. സഹായധനം ചെക്കായോ, തുകയായോ നൽകുന്നതാണ്.

അപേക്ഷ പാസ്സാക്കിയ വിവരവും തുക നൽകുന്നകാര്യവും അതാതു ഗ്രാമപഞ്ചായത്തുകളെയും മുനിസിപ്പാലിറ്റികളെയും കോർപ്പറേഷനുകളെയും അറിയിക്കേണ്ടതാണ്.

അനുബന്ധം VI

[12-8-2005—ലെ നക്ഷത്ര ചിഹ്നമിടാത്ത 95 (3609)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

കർഷകരെ സഹായിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

1. കാർഷിക കടാശ്വാസം

കേരള കാർഷിക കടക്കാർ (താൽക്കാലികാശ്വാസ) നിയമം 2001-ൻകീഴിൽ കർഷകർ സഹകരണ സംഘങ്ങളിൽനിന്നും എടുത്തിട്ടുള്ള 50,000 രൂപ വരെയുള്ള കാർഷിക വായ്പകൾക്ക് 29-12-2001 മുതൽ 6 മാസത്തേയും 23-1-2004 മുതൽ ഒരു വർഷത്തെയും പലിശയിളവ് ആനുകൂല്യം. ഈ ആനുകൂല്യം അടയ്ക്കാകർഷകർക്കും ലഭിച്ചിട്ടുണ്ട്.

2. ജപ്തി നടപടി നിർത്തിവയ്ക്കൽ

കാർഷിക വായ്പകൾ ഈടാക്കുന്നതിന് ജപ്തിയുൾപ്പെടെയുള്ള എല്ലാ നിയമനടപടികളും 17-4-2004 മുതൽ ഒരു വർഷത്തേക്ക് നിർത്തിവയ്ക്കുകയുണ്ടായി.

കാസർഗോഡ് ജില്ലയിലെ കർഷകരുടെ പ്രത്യേകിച്ചും അടയ്ക്കാകർഷകരുടെ അപേക്ഷ പരിഗണിച്ച് ടി ജില്ലയിലെ അടയ്ക്കാകൃഷിക്കാർ എടുത്ത കാർഷിക വായ്പ ഈടാക്കുന്നതിനുള്ള ജപ്തി നടപടികൾ ഒരു മാസത്തേക്ക് നിർത്തിവച്ചുകൊണ്ട് സഹകരണ സംഘം രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിനു പുറമേ അടയ്ക്കാ കർഷകർ എടുത്ത വായ്പകളിൻമേലുള്ള ജപ്തി നടപടികൾ മൂന്ന് മാസത്തേക്ക് നിർത്തിവയ്ക്കാൻ 29-7-2005-ൽ സർക്കാർ ഉത്തരവ്

LIBRARY ARCHIVES Kerala Legislative Assembly

പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഹ്രസ്വകാല കാർഷിക വായ്പകൾ മദ്ധ്യകാല വായ്പകളായും മദ്ധ്യകാല വായ്പാഗഡുക്കൾ പുതിയ മദ്ധ്യകാല വായ്പയായും പരിവർത്തനം ചെയ്യാൻ രജിസ്ട്രാർ 2-8-2005-ൽ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കാർഷിക വായ്പകളിൻമേലുള്ള ജപ്തി നടപടികൾ മൂന്നു മാസത്തേക്ക് നിർത്തിവച്ചുകൊണ്ട് രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതിനാൽ ടി ആനുകൂല്യം ജില്ലയിലെ കർഷകർക്കും ലഭിക്കുന്നതാണ്.

3. വായ്പാ പരിവർത്തനം

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ നിന്നുമെടുത്തിട്ടുള്ള കാർഷിക വായ്പകളിൽ 2003-2004-ൽ തിരിച്ചടയ്ക്കേണ്ടിയിരുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ മദ്ധ്യകാല വായ്പകളായും മദ്ധ്യകാല വായ്പകളുടെ തിരിച്ചടയ്ക്കാത്ത തവണകൾ പ്രത്യേക മദ്ധ്യകാല വായ്പകളായി മാറ്റുന്നതിനും 15-4-2004-ൽ നിർദ്ദേശം നൽകുകയും ആയതിന്റെ സമയപരിധി 31-1-2005-ന് അവസാനിക്കുകയും ചെയ്തിട്ടുണ്ട്. ടി കാലയളവിൽ കാസർഗോഡ് ജില്ലയിലെ സഹകരണ സംഘങ്ങൾ 4.83 കോടി രൂപയുടെ വായ്പാ പരിവർത്തനവും 1.40 കോടി രൂപയുടെ പുതിയ വായ്പകളും വിതരണം ചെയ്തിട്ടുണ്ട്. വരൾച്ചമൂലവും അടുത്തകാലത്തുണ്ടായ വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതിക്ഷോഭംമൂലവും ഉണ്ടായ കൃഷിനാശം കണക്കിലെടുത്ത് ഹ്രസ്വകാല കാർഷിക വായ്പകൾ മദ്ധ്യകാല വായ്പകളായും മദ്ധ്യകാല വായ്പകളിലെ ഗഡുക്കൾ പുതിയ മദ്ധ്യകാല വായ്പകളായും 1-8-2005 മുതൽ 3 മാസക്കാലയളവിനുള്ളിൽ മാറ്റുന്നതിന് സംസ്ഥാനത്തിലെ കർഷകർക്ക് അനുവാദം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ ആനുകൂല്യം കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകർക്കും ലഭിക്കുന്നുണ്ട്.

4. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൻകീഴിൽ 31-3-2005-നകം കാർഷിക വായ്പകൾ 10% നും കാർഷികേതര വായ്പകൾ 11% നും അടച്ചുതീർക്കുന്നതിന് സഹകരണ സംഘങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാർ അനുമതി നൽകുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly